# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി5/1441/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 08/11/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി5/1441/2021 തീയ്യതി: 08/11/2021

## കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-02-2020 മുതൽ 10-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 11-10-2021 | 26-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-10-2021 | 26-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.ഗിരീശൻ പാറപ്പൊയിൽ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.രാജീവൻ എൻ,സീ.ഗ്രേ.ഓഡിറ്റർ,
ശ്രീ.ജാസിർ സി.എം,ഓഡിറ്റർ,
ശ്രീ.ശ്രീജിത് കെ.വി,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ എ മോഹനൻ | പ്രസിഡന്റ് | | |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിജു എം | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ പ്രകാശൻ പി.എം | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ അനില എം.എ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.സുനിൽകുമാർ സി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ ജോണി ആർ | വിഇഒ | 01-04-2019 | 31-03-2020 |
| ശ്രീമതി ജംഷീറ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി പ്രബിഷ ബി | അസി.എഞ്ചിനീയർ | 01-04-2019 | 17-07-2019 |
| ശ്രീമതി രഗിന കെ.ജി | അസി.എഞ്ചിനീയർ | 18-07-2019 | 19-12-2019 |
| ശ്രീമതി നീതുബാലകൃഷ്ണൻ | അസി.എഞ്ചിനീയർ | 20-12-2019 | 06-01-2020 |
| ശ്രീമതി ശിൽപപ്രസാദ് പി | അസി.എഞ്ചിനീയർ | 07-01-2020 | 31-03-2020 |
| ശ്രീമതി സിജിന എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ.ഉഷ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീ ബാലൻ എം | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി ശബ്നം സി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.ആനന്ദ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. സാജിദ പാലയാട്ടുംപൊയിൽ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 20-08-2019 |
| ഡോ. റുബീന എ.വി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 21-08-2019 | 31-03-2020 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സാമ്പത്തിക പ്രവർത്തനങ്ങൾ ബജറ്റിന് അനുസൃതമല്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 08-11-2021) | 1-1 |
| 2 | റവന്യൂ വരവ് ചെലവുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് നടപടിക്രമമനുസരിച്ചല്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 03-11-2021) | 1-1-1 |
| 3 | എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 03-11-2021) | 1-1-2 |
| 4 | വാർഷിക പദ്ധതിയ്ക്ക് തുക വകയിരുത്തിതിലും വീഴ്ച വന്നു<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 03-11-2021) | 1-1-3 |
| 5 | ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ-ബജറ്റ് പുതുക്കുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 05-11-2021) | 1-1-4 |
| 6 | ബജറ്റ് വകയിരുത്തലിന് ഉപരിയായി വാർഷികപദ്ധതിക്ക് തനത് ഫണ്ട് വകയിരുത്തി<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 03-11-2021) | 1-1-5 |
| 7 | വാർഷിക ധനകാര്യപത്രിക<br>Written By: Jasir C M (Auditor, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 03-11-2021) | 1-2 |
| 8 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jasir C M (Auditor, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 03-11-2021) | 1-2-1 |
| 9 | സാമ്പത്തിക വിശകലനം(റെസീറ്റ് &പേയ്മെന്റ് പ്രകാരം)<br>Written By: Jasir C M (Auditor, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 03-11-2021) | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം<br>Written By: Jasir C M (Auditor, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 03-11-2021) | 1-4 |
| 11 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ<br>Written By: Jasir C M (Auditor, On 26-10-2021)<br>Last Updated By: Vasudevan M (Deputy Director, On 03-11-2021) | 1-4-1 |
| 12 | പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 08-11-2021) | 1-5 |
| 13 | വഴി സൗകര്യം തെറ്റായി രേഖപ്പെടുത്തുന്നത് മൂലം നികുതി നഷ്ടം<br>Written By: Srijith K.V (Auditor, On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 03-11-2021) | 1-6 |
| 14 | കെട്ടിട നിർമ്മാണ നിയന്ത്രണം- തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച<br>Written By: Srijith K.V (Auditor, On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 03-11-2021) | 1-7 |
| 15 | ക്ഷേമപെൻഷൻ -നടപടിക്രമങ്ങളിൽ കാലതാമസം<br>Written By: Srijith K.V (Auditor, On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 03-11-2021) | 1-8 |

| | | |
|---|---|---|
| 16 | ലൈഫ് ഭവനപദ്ധതി(സ്പിൽ ഓവർ)-മുൻകൂർ തുക കൈപ്പറ്റി ഭവനനിർമ്മാണം ആരംഭിച്ചില്ല<br>Written By: Jasir C M (Auditor, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 08-11-2021) | 1-9 |
| 17 | പേവിഷബാധ നിയന്ത്രണ പദ്ധതി - അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 26-10-2021)<br>Last Updated By: Vasudevan M (Deputy Director, On 03-11-2021) | 1-10 |
| 18 | കുടിവെള്ള പദ്ധതി പ്രൊജക്ടുകൾ സമഗ്രമായി തയ്യാറാക്കുന്നില്ല<br>Written By: N. Rajeevan (Senior Grade Auditor, On 26-10-2021)<br>Last Updated By: Vasudevan M (Deputy Director, On 05-11-2021) | 1-11 |
| 19 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല<br>Written By: N. Rajeevan (Senior Grade Auditor, On 26-10-2021)<br>Last Updated By: Vasudevan M (Deputy Director, On 03-11-2021) | 1-12 |
| 20 | ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 08-11-2021) | 1-13 |
| 21 | മൈസൂർ വാഴക്കന്ന് വിതരണം(വനിത)- പദ്ധതി രൂപീകരിച്ചതിലെയും നിർവ്വഹണം നടത്തിയതിലെയും അപാകതകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 08-11-2021) | 1-14 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Balakrishnan K.M (Audit Officer (HG), On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 03-11-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Balakrishnan K.M (Audit Officer (HG), On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 03-11-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Balakrishnan K.M (Audit Officer (HG), On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 03-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Balakrishnan K.M (Audit Officer (HG), On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 03-11-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്.<br>Written By: Jasir C M (Auditor, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 08-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jasir C M (Auditor, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 03-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Balakrishnan K.M (Audit Officer (HG), On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Balakrishnan K.M (Audit Officer (HG), On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 03-11-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| | Written By: Balakrishnan K.M (Audit Officer (HG), On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Balakrishnan K.M (Audit Officer (HG), On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 08-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 08-11-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 സാമ്പത്തിക പ്രവർത്തനങ്ങൾ ബജറ്റിന് അനുസൃതമല്ല

ഓഡിറ്റ് വർഷത്തെ ബജറ്റ് 4.02.2019 തീയതിയിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കി അംഗീകരിക്കുകയും 16.02.2019 തീയതിയിലെ തീരുമാനം 1 പ്രകാരം ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് .

2322366/-രൂപ മുൻബാക്കിയുൾപ്പടെ 182818566/-രൂപ ആകെ വരവും 180569640/-രൂപ ആകെ ചെലവും 2248926/-രൂപ നീക്കിയിരിപ്പുമാണ് ബജറ്റ് പ്രകാരം പ്രതീക്ഷിച്ചത്. കൃത്യമായ സമയക്രമം പാലിച്ചുതന്നെ ബജറ്റ് തയ്യാറാക്കിയെങ്കിലും താഴെ പറയുന്ന പോരായ്മകൾ ബജറ്റ് പ്രക്രിയയുമായി ബന്ധപ്പെട്ട് സംഭവിച്ചിട്ടുണ്ട്.

### 1-1-1 റവന്യൂ വരവ് ചെലവുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് നടപടിക്രമമനുസരിച്ചല്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214, 2.12.2016ലെ ജി.ഒ (ആർ.ടി) 3291/2016 എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള ബജറ്റ് മാന്വൽ എന്നിവ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കി യിരിക്കുന്നത്. മാന്വൽ പ്രകാരം ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യവാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. കൂടാതെ, തനത് വരുമാനവും റവന്യൂ ചെലവുകളും എപ്രകാരം കണക്കാക്കി എന്ന് വ്യക്തമാക്കുന്ന വർക്കിംഗ് പേപ്പറുകൾ ബജറ്റ് ഫയലിൽ ലഭ്യമല്ല. ഇതുകൊണ്ട് തന്നെ മേല്പറഞ്ഞവ സംബന്ധിച്ച എസ്റ്റിമേറ്റ് വസ്തുതാപരമാണോയെന്ന് പരിശോധിക്കാ നായിട്ടില്ല.

### 1-1-2 എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല

മാന്വൽ പ്രകാരം ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് നോട്ട്, ബജറ്റ് സ്പീച്ച്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ സ്ഥാപനം തയ്യാറാക്കിയിട്ടില്ല.

### 1-1-3 വാർഷിക പദ്ധതിയ്ക്ക് തുക വകയിരുത്തിതിലും വീഴ്ച വന്നു

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 175 പ്രകാരം തയ്യാറാക്കി ഡി.പി.സി അംഗീകാരം വാങ്ങുന്ന വാർഷിക പദ്ധതി നിർദ്ദേശങ്ങൾ (പ്ലാൻ പ്രൊപ്പോസൽ) കൂടി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റിൽ പരിഗണിക്കണം. ബജറ്റ് തയ്യാറാക്കുന്നതിന് മുമ്പ് ഈ നടപടിക്രമം പൂർത്തിയാകാത്ത സന്ദർഭങ്ങളിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി, പ്ലാൻ വിഭവ സ്രോതസ്സുകളുടെ സബ് സെക്ടർ അനുസരിച്ചുള്ള അലോക്കേഷൻ ഒരു പ്രമേയത്തിലൂടെ തീരുമാനിച്ച് അത് ബജറ്റിൽ ഉൾപ്പെടുത്തണം (മാന്വൽ, ഖണ്ഡിക 2.2) സ്ഥാപനത്തിന്റെ കാര്യത്തിൽ ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതിക്ക്, ബജറ്റ് അംഗീകരിക്കുന്നതിന് മുമ്പ് തന്നെ ഡി.പി.സി അംഗീകാരം ലഭിച്ചതിനാൽ ബജറ്റ് വാർഷിക പദ്ധതിയെ ഉൾക്കൊള്ളണം . എന്നാൽ ഡി.പി.സി അംഗീകാരം ലഭിച്ചതിന്റെ രേഖകൾ സ്ഥാപനത്തിന് ഹാജരാക്കാൻ സാധിച്ചിട്ടില്ല. ഇതുകൊണ്ട് തന്നെ അംഗീകരിച്ച വാർഷിക പദ്ധതിയുടെ വിശദാംശങ്ങൾ അറിയാൻ കഴിഞ്ഞിട്ടില്ല. എന്നാൽ 21.12.18ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗികരിച്ച വാർഷിക പദ്ധതിയിൽ 162 പ്രൊജക്ടുകൾക്കായി 6.99കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ 6.72 കോടി രൂപ മാത്രമാണ് വാർഷിക പദ്ധതിയ്ക്കായ് വകയിരുത്തിയിരിക്കുന്നത്.

അംഗീകരിച്ച വാർഷിക പദ്ധതി തുകയേക്കാൾ 27 ലക്ഷം രൂപയുടെ കുറവ് ബജറ്റിലുണ്ടെന്ന് കാണാം. വാർഷിക പദ്ധതി തുക എത്രയെന്ന് മുൻകൂട്ടി അറിയാമെന്നിരിക്കെ ബജറ്റിൽ മതിയായ വിഹിതം വകയിരുത്താത്തത് വിശദീകരിക്കപ്പെടേണ്ടതാണ്.

## 1-1-4 ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ-ബജറ്റ് പുതുക്കുന്നില്ല

ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിനോ, വകയിരുത്തിയ തുകയിൽ കൂടുതലോ തുക ചെലവഴിക്കേണ്ടി വരുമ്പോൾ പുതുക്കിയതോ സപ്ലിമെന്ററിയോ ആയ ബജറ്റ് അംഗീകരിച്ച് മാത്രമേ തുക ചെലവഴിക്കാവൂ. കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിന് തുക ചെലവഴിച്ചെങ്കിൽ, തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ/സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസാക്കേണ്ടതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. ബജറ്റ് തയ്യാറാക്കിയപ്പോൾ തന്നെ വാർഷിക പദ്ധതി അടങ്കൽ ബജറ്റ് ഉൾക്കൊണ്ടിട്ടില്ലെന്ന് കണ്ടതാണ്. സ്പിൽ ഓവർ പദ്ധതികൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി 2.7.19 തീയതിയിൽ ഭേദഗതി വരുത്തിയപ്പോൾ 251 പദ്ധതികൾ ഉൾക്കൊള്ളുന്ന 9.18 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിയായി ഇത് മാറി. എന്നാൽ ഇതിനനുസൃതമായ ഭേദഗതി ബജറ്റിൽ വരുത്തിയില്ല. 24.3.20 ൽ ബജറ്റ് പുതുക്കുന്നതുവരെ, ഇപ്രകാരം കൂട്ടിച്ചേർത്ത സ്പിൽ ഓവർ പ്രൊജക്ടുകൾക്കുള്ള ചെലവ് ബജറ്റ് അനുമതിയില്ലാതെയാണ് നടത്തിയതെന്ന് കാണാം .

വാർഷിക പദ്ധതിക്ക് പുറമേ മറ്റ് വരവ് ചെലവ് വകയിരുത്തലുകളുടെ കാര്യത്തിലും വൻ ബജറ്റ് വ്യതിയാനം വന്നത്, വർഷാവസാനം ബജറ്റ് പുതുക്കിയപ്പോൾ പോലും ക്രമീകരിക്കപ്പെട്ടിട്ടില്ല. ഇതിന്റെ ചില വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്കു പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 171 | 220000 | 150000 | 296861 |
| 2 | 160 (GPG) | 14961000 | 15677046 | 16076524 |
| 3 | 230 | 2452000 | 2210000 | 2333909 |
| 4 | 252 | 4300000 | 2800000 | 5040805 |

ബജറ്റ് പ്രൊവിഷനേക്കാൾ അധികരിച്ച് ചെലവു ചെയ്തതു പോലെ, ബജറ്റ് പ്രൊവിഷനെ അപേക്ഷിച്ച് വളരെ കുറഞ്ഞ വരവ് ചെലവുകളും വന്നിട്ടുണ്ട്. എസ്റ്റിമേറ്റിന്റെ കൃത്യതയില്ലായ്മ വെളിവാക്കുന്ന ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷികകണക്കു പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 130 | 421000 | 435000 | 111631 |
| 2 | 240 | 302500 | 102500 | 4240 |
| 3 | 160 (പെൻഷൻ) | 65000000 | 65000000 | 16916880 |
| 4 | 250 | 11702600 | 10755000 | 5443781 |
| 5 | 251 | 46729040 | 71502237 | 37193820 |

1-1-5 ബജറ്റ് വകയിരുത്തലിന് ഉപരിയായി വാർഷികപദ്ധതിക്ക് തനത് ഫണ്ട് വകയിരുത്തി

വാർഷിക പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 5073640/- രൂപ വകയിരുത്തിയാണ് ബജറ്റിന് അംഗീകാരം നല്കിയത്. എന്നാൽ 21.12.18 -ന് ഭരണസമിതി അംഗീകരിച്ച വാർഷിക പദ്ധതിയിൽ തനത് ഫണ്ടിൽ നിന്നും 1.08 കോടി വകയിരുത്തിയിട്ടുണ്ട്. 57.61 ലക്ഷം രൂപ എപ്രകാരം ലഭ്യമാകുമെന്ന് വ്യക്തതയില്ലാതെയാണ് ബജറ്റും വാർഷിക പദ്ധതിയും ഭരണസമിതി അംഗീകരിച്ചിരിക്കുന്നത്. ധനകാര്യ മാനേജ്മെന്റിന്റെ അടിസ്ഥാന തത്വങ്ങൾ പോലും ഇവിടെ പാലിക്കപ്പെട്ടില്ലെന്ന് കാണാം. വർഷാവസാനമാകുമ്പോഴേക്കും തനത് ഫണ്ടിൽ നിന്നും 1.67 കോടി വകയിരുത്തി 85.86 ലക്ഷം രൂപ ചെലവഴിക്കുന്ന സ്ഥിതിവിശേഷത്തിലേക്ക് സ്ഥാപനം എത്തിച്ചേർന്നു. എന്നാൽ ബജറ്റ് പുതുക്കിയപ്പോൾ തനത് ഫണ്ടിൽ നിന്നും 1.01 കോടി രൂപ മാത്രം വകയിരുത്തിയതിനാൽ വർഷാവസാനവും ബജറ്റ് വാർഷിക പദ്ധതിയിലെ തനത് ഫണ്ട് വകയിരുത്തൽ ഉൾക്കൊണ്ടിട്ടില്ലെന്ന് കാണാം.

ബജറ്റ് രൂപീകരണത്തിലേയും ബജറ്റ് നിയന്ത്രണത്തിലേയും അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും അടുത്ത വർഷത്തെ ബജറ്റ് കുറ്റമറ്റ രീതിയിൽ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 25.05.2020 | | |

1-2-1 വാർഷിക കണക്കിലെ അപാകതകൾ

തിരുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷികകണക്ക് പരിശോധിച്ചത് പ്രകാരം ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.Sale Of Tender Forms ഇനത്തിൽ(RP-5) തൻവർഷം 63500/- രൂപ വരവ് വന്നിട്ടുണ്ട്. വരവ് തുകയുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. വാർഷിക കണക്ക് ബി-14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസ്/സ്റ്റോക്ക് നീക്കിയിരിപ്പില്ലെന്നാണ് കാണിച്ചിട്ടുള്ളത്. എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ സ്റ്റോർസ് ഇനത്തിൽ നീക്കിയിരിപ്പുണ്ടെങ്കിലും ആയത് മൂല്യാധിഷ്ഠിതമായി അക്കൗണ്ട് ചെയ്തിട്ടില്ല.

3.സംയുക്ത പ്രോജക്ടുകൾക്കായുള്ള ബ്ലോക്ക്-ജില്ലാപഞ്ചായത്ത് വിഹിതങ്ങളിൽ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കും പ്രകാരം നീക്കിയിരിപ്പുണ്ട്. ഇവ പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| ഇനം | തുക |
|---|---|
| Contribution For Joint Venture Projects (For Revenue Expenditure)-District Panchayath | 270293 |
| Contribution For Joint Venture Projects (For Revenue Expenditure)-From Block Panchayaths | 552400 |
| ആകെ | 822693 |

4.ഇ-ടെണ്ടർ ഫീ ഇനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് വന്ന തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റിയില്ല.

5.ആസ്തികൾക്ക് ഡിപ്രിസിയേഷൻ നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6.എം.ജി.എൻ.ആർ.ഇ.ജി.എസ് ഇനത്തിൽ വാർഷികകണക്ക് പ്രകാരമുള്ള തുകയും ഇ.എഫ്.എം.സ് തുകയും തമ്മിൽ വ്യത്യാസം നിലനില്ക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഷിക കണക്ക് പ്രകാരമുള്ള തുക (Income And Expenditure+ Capital Contribution) | Efms പ്രകാരം ആകെ വരവ് | വ്യത്യാസം |
|---|---|---|
| 23499707 | 23830000 | 330293 |

7.മിസലേനിയസ് ഡിമാൻഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് കാരണം RP-4 ൽ പെർമിറ്റ് ഫീ, ക്രമവത്കരണ ഫീ, ലൈസൻസ് ഫീ എന്നിവ ഒഴികെയുള്ളവയുടെ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

8.വാർഷിക കണക്കിലെ ബി-9 ഷെഡ്യൂൾ പ്രകാരം വിവിധ സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് അടവാക്കേണ്ട ജി.എസ്.ടി, റിവർ മാനേജ്മെന്റ് ഫണ്ട് എന്നിവ ഉൾപ്പെടെ അടവാക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

9.വിവിധ ക്ഷേമപെൻഷനുകൾ വിതരണം ചെയ്തതിൽ സേവന സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകയും വാർഷിക കണക്കിലെ തുകയും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | സേവന സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുക | വാർഷിക കണക്ക് പ്രകാരമുള്ള തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 8046600 | 3533400 |
| വാർദ്ധക്യകാല പെൻഷൻ | 15276300 | 6685500 |
| വികലാംഗ പെൻഷൻ | 4233300 | 1872900 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 256800 | 122400 |
| വിധവാ പെൻഷൻ | 9349800 | 4450200 |

10. വാർഷിക കണക്കിലെ ബി-11 ഷെഡ്യൂളിൽ ബസ്-സ്റ്റാന്റ് ബിൽഡിംഗ്സ് ഇനത്തിൽ 1077847 രൂപ ആസ്തിയിനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇത്തരത്തിൽ സ്ഥാപനത്തിൽ ആസ്തി സൃഷ്ടിക്കപ്പെട്ടിട്ടില്ല.

11.വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം(റെസീറ്റ് &പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 30668152.46 |
| വരവ് | 57386530 |
| ആകെ | 88054682.46 |
| ചെലവ് | 57993340 |
| നീക്കിയിരിപ്പ് | 30061342.46 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16052412 | 16052412 | 12363920 | 3688492 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3392000 | 3392000 | 1462474 | 1929526 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 9208000 | 9208000 | 5517487 | 3690513 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR | 0 | 4911000 | 4911000 | 1597754 | 3313246 |

| | | | | | |
|---|---|---|---|---|---|
| പ്രകാരം) | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺ-ടൈഡ് | | 11752333 | 11752333 | 6783109 | 4969224 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 76798 | 845775 | 922573 | 922573 | |
| പ്രാദേശിക വികസന ഫണ്ട് (MPLAD) | 155538 | 372754 | 528292 | 501474 | 26818 |
| ടോട്ടൽ സാനിറ്റേഷൻ | 524700 | 0 | 524700 | 0 | 524700 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| ശുചിത്വമിഷൻ ഗ്രാന്റ് | 1119897 | 0 | 1119897 | 0 | 1119897 |
| കേരളോത്സവം | 0 | 20000 | 20000 | 0 | 20000 |
| കുടിവെള്ളപദ്ധതി ഗ്രാന്റ് | 30000 | 0 | 30000 | 0 | 30000 |
| ഖരമാലിന്യ സംസ്കരണത്തിനുള്ള ഗ്രാന്റ് | 12802 | 0 | 12802 | 0 | 12802 |

## 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ

വിവിധ ഫണ്ടിനങ്ങളുടെ വ്യത്യസ്ത മേഖലയിലെ അലോക്കേഷൻ തുക സുലേഖ ചെലവ് പത്രികയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | മേഖല | സുലേഖ സ്റ്റേറ്റ്മെന്റിലെ അലോക്കേഷൻ | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അലോക്കേഷൻ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | ഉത്പാദനം | 3979500 | 9383325 |
| | സേവനം | 13267421 | 61433910 |
| വികസന ഫണ്ട് എസ്.സി.പി. | സേവനം | 3561950 | 13471600 |
| സംരക്ഷണഗ്രാന്റ്-റോഡിതരം | ഉത്പാദനം | 400000 | 1200000 |
| | സേവനം | 3077745 | 3397745 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 209 | 8.98 കോടി | 98 | 4.29 കോടി | 38 | 73 | 47% |

ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങളിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

എ) ഗ്രാന്റ് വിനിയോഗം കുറഞ്ഞു-2.06 കോടി രൂപ നഷ്ടപ്പെട്ടു

209 പ്രൊജക്ടുകൾക്കായുള്ള 8.98 കോടി രൂപയുടെ വാർഷിക അടങ്കലിൽ നിന്നും 4.29 കോടി രൂപ മാത്രമാണ് വാർഷിക പദ്ധതിക്കായി വിനിയോഗിച്ചിട്ടുള്ളത്. പ്രധാന സർക്കാർ ഗ്രാന്റിനങ്ങളിലെല്ലാം ലഭ്യമായ അലോട്ട്മെന്റ് മുഴുവൻ വിനിയോഗിക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | ചെലവ് | നഷ്ടപ്പെട്ട തുക |
|---|---|---|---|
| പ്ലാൻ ജനറൽ | 16523000 | 12599214 | 3923786 |
| Scp | 3392000 | 1462474 | 1929526 |
| Cfc | 12628000 | 6266832 | 6361168 |
| മെയിന്റനൻസ് റോഡിതരം | 4911000 | 1597754 | 3313246 |
| മെയിന്റനൻസ് റോഡ് | 9208000 | 5517487 | 3690513 |
| ആകെ | | | 19218239 |

എല്ലാ ഗ്രാന്റിനങ്ങളിൽ നിന്നുമായി 1.92 കോടി രൂപ സ്ഥാപനത്തിന് നഷ്ടമായതായി മേൽ കണക്കുകൾ കാണിക്കുന്നു. എന്നാൽ യഥാർത്ഥ നഷ്ടം ഇതിൽ കൂടുതലാണ്. 2018-19 വർഷത്തിൽ ക്യാ

ബിൽ ആയ രൂപയുടെ ബാധ്യത ഓഡിറ്റ് വർഷത്തെ അലോട്ട്മെന്റിൽ നിന്നാണ് താഴെ പറയും പ്രകാരം വഹിച്ചത് .

| ഫണ്ടിനം | ക്യൂ ബിൽ തുക |
|---|---|
| Scp | 285267 |
| Cfc | 470072 |
| മെയിന്റനൻസ് റോഡ് | 670000 |
| ആകെ | 1425339 |

തൻവർഷത്തെ അലോട്ട്മെന്റ് മുഴുവൻ വിനിയോഗിച്ചിരുന്നെങ്കിൽ , ഇത്രയും തുക അധിക അലോട്ട്മെന്റായി സ്ഥാപനത്തിന് ലഭിക്കുമായിരുന്നു. അതുകൊണ്ട് തന്നെ ഇത്രയും തുകകൂടി നഷ്ടപ്പെട്ടതായി പരിഗണിക്കാം. ഇത് കൂടി പരിഗണിക്കുമ്പോൾ ഗ്രാന്റിനങ്ങളിൽ ആകെ നഷ്ടം 20643578/- രൂപയുണ്ടെന്ന് കാണാം. കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, ബ്ലോക്ക് /ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ മറ്റുള്ളവ എന്നീ ഹെഡ്ഡുകളിൽ വകയിരുത്തലിനെ അപേക്ഷിച്ച് ചെലവ് വളരെ കുറഞ്ഞതും മൊത്തം ചെലവ് ശതമാനം കുറയാൻ കാരണമായിട്ടുണ്ട്.

ബി) <u>വികസന സെമിനാറിൽ അവതരിപ്പിക്കാത്ത പദ്ധതികൾ വാർഷിക പദ്ധതിയിൽപ്പെടുത്തി</u>

ആസൂത്രണ മാർഗ്ഗരേഖ പ്രകാരം ഓരോ മേഖലയിലേയും കാലികമാക്കിയ അടിസ്ഥാനവിവരങ്ങൾ അടിസ്ഥാനപ്പെടുത്തി തിരിച്ചറിയുന്ന ആവശ്യങ്ങൾ മുൻഗണനാ ക്രമത്തിൽ പ്രോജക്ട് നിർദ്ദേശങ്ങളായി വർക്കിംഗ് ഗ്രൂപ്പുകൾ മുന്നോട്ട് വയ്ക്കുകയാണ് ചെയ്യേണ്ടത്. ഈ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അവയുടെ നിർദ്ദേശങ്ങളോടൊപ്പം അംഗീകാരം വാങ്ങുകയും, നിർദ്ദേശങ്ങളിൽ പരിഗണിക്കേണ്ടവ പരിഗണിച്ച് പ്രോജക്ട് നിർദ്ദേശങ്ങളിൽ ആവശ്യമായമാറ്റങ്ങൾ വരുത്തി അവ കരട് പദ്ധതി നിർദ്ദേശങ്ങളായി വർക്കിംഗ് ഗ്രൂപ്പുകൾ വികസന സെമിനാറിൽ അവതരിപ്പിക്കണം. വികസനസെമിനാറിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങളിൽ പ്രസക്തമായവ പരിഗണിച്ച്, പ്രോജക്ട് നിർദ്ദേശങ്ങളിൽ ആവശ്യമെങ്കിൽ വീണ്ടും മാറ്റം വരുത്തി, വാർഷിക പദ്ധതി വർക്കിംഗ് ഗ്രൂപ്പുകൾ അന്തിമമാക്കണം. ഇപ്രകാരം അന്തിമമാക്കിയ വാർഷിക പദ്ധതിക്കാണ് ഭരണസമിതി അംഗീകാരം നല്കി ഡി.പി.സി അംഗീകാരം വാങ്ങേണ്ടത്. ഈ നടപടിക്രമങ്ങൾ വിലയിരുത്തുമ്പോൾ, വികസന സെമിനാറിൽ അവതരിപ്പിക്കപ്പെടുന്ന പദ്ധതി നിർദ്ദേശങ്ങളല്ലാതെ മറ്റ് പ്രോജക്ടുകളൊന്നും അന്തിമ

പദ്ധതി രേഖയിൽ ഉൾപ്പെടാൻ പാടില്ലെന്ന് കാണാവുന്നതാണ്. ഇതിന് വിപരീതമായി പദ്ധതികൾ ഉൾപ്പെട്ടെങ്കിൽ അവ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ലെന്നും അതുകൊണ്ട് തന്നെ നിയമപ്രകാരമുള്ളവയെല്ലെന്നും കാണാവുന്നതാണ്. കൂടാതെ ഇത്തരം പദ്ധതികൾ ആവശ്യകത തിരിച്ചറിയപ്പെടാത്തവയും, മുൻഗണനാക്രമം തെറ്റിക്കുന്നതുമാണെന്ന് കാണാവുന്നതാണ്.

സ്ഥാപനത്തിലെ ഓഡിറ്റ് വർഷത്തെ അന്തിമപദ്ധതി ചെലവ് പത്രിക പരിശോധിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ മാത്രം താഴെ പറയും പ്രകാരം 17 എണ്ണം വികസന സെമിനാറിൽ അവതരിപ്പിച്ച കരട് പദ്ധതി നിർദ്ദേശങ്ങളിൽ പെട്ടവയല്ലെന്ന് കാണുന്നു.

| ക്രമ നം | പദ്ധതി നം | പദ്ധതി പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 77 | നിടുമ്പ്രമണ്ണഎം എൽ പി സ്കൂൾ വണ്ണത്താംമണ്ണിൽ മുക്ക് റോഡ് | 346600 | 0 |
| 2 | 81 | അയ്യനവയൽ ആര്യംവെള്ളിമുക്ക് ശിവക്ഷേത്രം റോഡ് | 300000 | 148328 |
| 3 | 83 | പോസ്റ്റോഫീസ് പറമ്പത്ത് മുക്ക് റോഡ് | 200000 | 199386 |
| 4 | 86 | കണ്ടോത്ത് പറമ്പത്ത് ഫുട്പാത്ത് | 100000 | 0 |
| 5 | 88 | വെളുത്തപറമ്പത്ത് സ്കൂൾ കമലാക്ഷിയമ്മ അങ്കണവാടി റോഡ് | 270000 | 256282 |
| 6 | 105 | പുത്തൻപുരയിൽ മുക്ക് കുയ്യടിപാറ റോഡ് | 200000 | 199478 |
| 7 | 107 | വടക്കേടത്ത് മുക്ക് മീങ്കണ്ടി റോഡ് | 200000 | 0 |
| 8 | 112 | ചാലിൽമുക്ക് പുലക്കുന്ന് റോഡ് | 310000 | 0 |
| 9 | 129 | മുതുവന മോട്ടോർ ടാങ്ക് മൊടോംകണ്ടി റോഡ് | 200000 | 198709 |
| 10 | 131 | മഠത്തിൽ താഴ മുതൽ മറ്റൂറ ബാവുപ്പാറ ക്ഷേത്രം വരെ റോഡ് | 250000 | 250000 |

| | | | | |
|---|---|---|---|---|
| | | ടാറിംഗ് | | |
| 11 | 163 | എടച്ചേരയോട്ട് തെയ്യത്താംകണ്ടി ഫുട്പാത്ത് | 200000 | 0 |
| 12 | 165 | വിദ്യപ്രകാശ് റോഡ് റീ ടാറിംഗ് | 200000 | 0 |
| 13 | 167 | നാറാണത്ത് താഴ നീലിയാരത്ത് റോഡ് | 200000 | 0 |
| 14 | 243 | പുലക്കുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം | 700000 | 629127 |
| 15 | 248 | വടക്കേകണ്ടി കിണർ നിർമ്മാണം തുക കൈമാറൽ | 300000 | 200611 |
| 16 | 250 | പള്ളിക്കുന്ന് ഇരുത്തി അംഗണവാടികൾ നവീകരണം | 350000 | 0 |
| 17 | 251 | കുന്നോത്ത് പാര കുടിവെള്ള പദ്ധതിനവീകരണം | 50000 | 0 |

കേരള പഞ്ചായത്ത് രാജ് ആക്ടിനും ആസൂത്രണ മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി മേൽ പ്രൊജക്ടുകൾക്ക് തുക വകയിരുത്തിയതും ചെലവഴിച്ചതും വിശദീകരിക്കപ്പെടേണ്ടതാണ്.

സി) <u>റോഡ് മെയിന്റനൻസ് പ്ലാനില്ല-റോഡുകൾ നവീകരിക്കുന്നത് ക്രമപ്രകാരമല്ല</u>

ഓഡിറ്റ് വർഷത്തിൽ 42 റോഡുകൾക്ക് റോഡ് മെയിന്റനൻസ് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ഇതിൽ 16 എണ്ണം പുതിയ പ്രോജക്ടുകളാണ്. കൂടാതെ മറ്റ് റോഡുകളും വിവിധ ഫണ്ടുകളുപയോഗിച്ച് മെയിന്റനൻസ് നടത്തുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ 29.1.2018ലെ 11/2018/ തസ്വഭവ നമ്പർ ആസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 6.7ൽ നിഷ്കർഷിക്കുന്ന തരത്തിൽ ഒരു ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല. എല്ലാ റോഡുകളുടേയും നിലവിലെ അവസ്ഥ വിലയിരുത്തി, അറ്റകുറ്റപ്പണി ആവശ്യമുള്ളവയുടെ മുൻഗണനാക്രമത്തിലുള്ള ഒരു പ്ലാൻ കസ്റ്റോഡിയൻ ഓഫീസറായ എഞ്ചിനീയർ തയ്യാറാക്കിയതാണ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടത്. ഇപ്രകാര മല്ലാതെ മറ്റ് മാനദണ്ഡങ്ങൾ പരിഗണിച്ചാണ് മെയിന്റനൻസിനായി റോഡുകൾ തെരെഞ്ഞെടുക്കുന്നത്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ യാതൊന്നും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ മാനദണ്ഡങ്ങൾ എന്തെന്ന് വ്യക്തമല്ല. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കും ഇത്തരത്തിൽ പ്ലാൻ തയ്യാറാക്കിയിട്ടില്ല എന്നത് ആസ്തി സംരക്ഷണ

പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കാതിരിക്കാനുള്ള സാധ്യത വെളിവാക്കുന്നു. നിർവ്വഹണാനന്തരം വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ മോണിറ്റർ ചെയ്യാത്തത് നിർവ്വഹണത്തിന്റെ കാര്യക്ഷമത ഉറപ്പാക്കാൻ തടസ്സമായിട്ടുണ്ട്.

ഇക്കാര്യത്തിൽ സ്ഥാപനത്തിന്റ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വീഴ്ചകൾക്ക് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ ആസൂത്രണ നിർവ്വഹണ പ്രക്രിയകളിലെ അപാകതകൾ തുടർ വർഷങ്ങളിൽ ഒഴിവാക്കേണ്ടതും, ഇതിനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിന് വിശദമാക്കേണ്ടതുമാണ്.

## 1-6 വഴി സൗകര്യം തെറ്റായി രേഖപ്പെടുത്തുന്നത് മൂലം നികുതി നഷ്ടം

വസ്തുനികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ നിന്നും സഞ്ചയയിൽ കെട്ടിടങ്ങളുടെ വഴിസൗകര്യം തെറ്റായി രേഖപ്പെടുത്തിയത് മൂലം സ്ഥാപനത്തിന് നികുതി നഷ്ടമുണ്ടാകുന്നുണ്ട്. രണ്ട് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നം | കെട്ടിടത്തിന്റെ വിശദാംശം | സഞ്ചയയിൽ രേഖപ്പെടുത്തിയ വഴിയുടെ വിശദാംശം | കെട്ടിടത്തിന്റെ യഥാർത്ഥ വഴിസൗകര്യം (സൈറ്റ് പ്ലാൻ പ്രകാരം) |
|---|---|---|---|
| 1 | ഫയൽ നം- 3337/2019 തി.26.04.2019<br>ബാലൻ , കൊയോത്ത്, ചെമ്മരത്തൂർ<br>കെട്ടിട നം- 17/385 A | ചെമ്മരത്തൂർ – കൊളത്തൂർ റോഡ്<br>1.5 മീറ്ററിൽ കൂടുതൽ വീതി യുള്ള വഴി | മീങ്കണ്ടി അടങ്ങാടത്ത് താഴ – അരിയന്നൂർ റോഡ് (6 മീ. വീതി)<br>വഴിസൗകര്യം- 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി |
| 2 | ഫയൽ നം- B1-2384/2019 തി.16.03.2019<br>ബാലകൃഷ്ണൻ, പാറക്കണ്ടിയിൽ, ചെമ്മരത്തൂർ<br>കെട്ടിട നം -19/375 A | മാനവീയം മേക്കാട്ടേരി റോഡ്<br>1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി | ചെമ്മരത്തൂർ- ആയഞ്ചേരി റോഡ് (12 മീ. വീതി)<br>വഴിസൗകര്യം - 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി |

മേൽ ഫയലുകൾ പരിശോധിച്ചതിൽ നിന്നും സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ റോഡുകളുടെ പട്ടികയിൽ നിന്നും റോഡുകൾ സ്ക്രോൾ ചെയ്ത് സെലക്ട് ചെയ്യുന്നതിന് പകരം മറ്റുള്ളവ എന്ന് രേഖപ്പെടുത്തി റോഡിനെ സംബന്ധിച്ച വിവരം മാന്വലായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. മേൽ നടപടിയാണ് അപാകതക്ക് കാരണമായിട്ടുള്ളത്. 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴിസൗകര്യത്തിന് അടിസ്ഥാന വസ്തുനികുതിയിന്മേൽ 20% വർദ്ധനവ് ബാധകമാക്കേണ്ടതുണ്ട്. എന്നാൽ തെറ്റായ വഴിസൗകര്യം രേഖപ്പെടുത്തിയതിലൂടെ സ്ഥാപനത്തിന് വസ്തുനികുതി വരുമാനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനും റോഡുകൾ മറ്റുള്ളവ എന്ന വിഭാഗത്തിന് കീഴിൽ മാന്വലായി രേഖപ്പെടുത്തുന്നതിന്റെ കാരണം വ്യക്തമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

- ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളതും വസ്തുനികുതി ചട്ടങ്ങൾ പ്രകാരം വിജ്ഞാപനം ചെയ്തതുമായ മുഴുവൻ റോഡുകളും ഫുട്പാത്തുകളും ഇടവഴികളും സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതും ആയതിന്റെ വീതിയുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്.
- മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനപരിശോധിക്കേണ്ടതും കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്. അപാകത മറ്റ് ഫയലുകളിലെ വസ്തുനികുതി നിർണ്ണയത്തിലെ ഫയലുകളിൽ ആവർത്തിച്ചിട്ടില്ലെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

1-7 കെട്ടിട നിർമ്മാണ നിയന്ത്രണം- തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച

ഫയൽ നം- B1/6316/2019, Dt.21.08.2019

ശ്രീ.പങ്കജാക്ഷൻ, മാനസം, കിഴക്കയിൽ എന്നവർ 21.08.2019 തിയ്യതിയിൽ സമർപ്പിച്ച വാണിജ്യാവശ്യത്തിനുള്ള 19.62 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടം ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷ അപാകതകൾ ചൂണ്ടികാണിച്ച് ആയത് അടിയന്തിരമായി പരിഹരിക്കുന്നതിന് 21.08.2019 തിയ്യതിയിലെ B1/6316/2019 നമ്പറായി അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. അനുവദിച്ച സമയ പരിധി പിന്നിട്ടിട്ടും കെട്ടിട ഉടമ നോട്ടീസിനോട് പ്രതികരിച്ചിട്ടില്ല. മേൽ അപേക്ഷയിൽ നിന്നും പ്രസ്തുത സൈറ്റിൽ 12/151 A നമ്പറായി പാർപ്പിടാവശ്യത്തിനുള്ള കെട്ടിടവും ആയതിനോട് ചേർന്ന് 12/652 നമ്പറായി വാണിജ്യാവശ്യത്തിനുള്ള ഒരു കെട്ടിടവും നിലവിലുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ കെട്ടിടങ്ങൾ പഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ടിട്ടില്ല. ഫലത്തിൽ അപേക്ഷകന്റെ ഉടമസ്ഥതയിൽ പ്രസ്തുത സൈറ്റിൽ മൂന്ന് അനധികൃത കെട്ടിടങ്ങളുണ്ട്.

മേൽ കെട്ടിടം ഓഡിറ്റ് തിയ്യതിവരെയും ക്രമവത്കരിച്ചിട്ടില്ല. ഫയലിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിലും സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്. കെട്ടിടത്തെ സംബന്ധിച്ച വിശദാംശങ്ങൾ അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്,സെക്ഷൻ 235 ഡബ്ല്യൂയു പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ U/A നമ്പർ നൽകി പിഴനിരക്കിൽ വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

അനധികൃത നിർമ്മാണങ്ങളെ നിരീക്ഷിക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ സ്ഥാപനത്തിൽ ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം ഒരുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഫീൽഡ് തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണപൂർത്തീകരണത്തിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിന് സ്ഥാപനം ശ്രദ്ധ ചെലുത്തിയിട്ടില്ല.

ഫീൽഡ് തല പരിശോധനാ സംവിധാനത്തിന്റെ അഭാവമാണ് അപാകതക്ക് കാരണമായിട്ടുള്ളത്. ആയത് പരിഹരിക്കേണ്ടതും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഫീൽഡ്തല പരിശോധന ഉറപ്പാക്കി ആയതിന്മേൽ തുടർ നടപടി ഉറപ്പാക്കേണ്ടതുമാണ്.

1-8 ക്ഷേമപെൻഷൻ -നടപടിക്രമങ്ങളിൽ കാലതാമസം

വിവിധ ക്ഷേമപെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടാകുന്നു. അപേക്ഷകൾ അന്വേഷണത്തിന് നൽകൽ, അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കൽ, അപേക്ഷയിന്മേൽ തീരുമാനമെടുക്കൽ എന്നീ നടപടിക്രമങ്ങളിലുണ്ടാകുന്ന കാലതാമസം മൂലം അപേക്ഷകർക്ക് സമയബന്ധിതമായി സേവനം നൽകുന്നതിന് സ്ഥാപനത്തിന് സാധിക്കാത്ത സ്ഥിതിവിശേഷം സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷൻ | അപേക്ഷകന്റെ പേര് | ഫയൽ നം/ അപേക്ഷാ തിയ്യതി | അപേക്ഷ തീർപ്പാക്കിയ തിയ്യതി |
|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | ബാലൻ, കണ്ടിയിൽ | 9872/2019 10.12.2019 | തീർപ്പാക്കിയില്ല |
| 2 | കർഷക തൊഴിലാളി പെൻഷൻ | കല്യാണി തച്ചംകുന്നമ്മൽ | 9952/2019 11.12.2019 | തീർപ്പാക്കിയില്ല |
| 3 | വിധവാ പെൻഷൻ | വസന്ത.പി.കെ, ഒഴക്കരക്കണ്ടി | 4064/2019 28.05.2019 | 17.02.2020 |
| 4 | വാർദ്ധക്യകാല പെൻഷൻ | സതീദേവി, തേജശ്രീ | 9473/19 02.12.2019 | 24.08.2020 |
| 5 | കർഷക തൊഴിലാളി പെൻഷൻ | ലീന | 5387/2018 8.8.2018 | 28.9.2020 |

മേൽ അപേക്ഷകളിന്മേൽ സേവനാവകാശ നിയമപ്രകാരമുള്ള സമയപരിധി പാലിക്കപ്പെട്ടിട്ടില്ല. ക്രമ നം 3 പ്രകാരമുള്ള ഫയൽ, അപേക്ഷ ലഭിച്ച് 7 മാസത്തിന് ശേഷമാണ് 10.12.2019 തിയ്യതിയിൽ അന്വേഷണ ത്തിന് നൽകിയിട്ടുള്ളത്. ആയതിന്മേൽ അന്വേഷണം പൂർത്തീകരിക്കുന്നതിൽ അന്വേഷണ ഉദ്യോഗസ്ഥയും കാലതാമസം വരുത്തിയിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

അപേക്ഷയിന്മേൽ അനാവശ്യ രേഖകൾ ആവശ്യപ്പെടുന്നത് മൂലവും കാലതാമസമുണ്ടാകുന്നുണ്ട്. ഉദാ- ഫയൽ നം B3-9441/19, തി.02.12.2019 നമ്പറായുള്ള ഗംഗാധരൻ, കൃഷ്ണാലയം, തോടന്നൂർ എന്നവർ 30/11/2019 തിയ്യതിയിൽ സേവന വെബ്ബ് മുഖേന ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷന് അപേക്ഷ സമർപ്പിക്കുകയും 02.12.2019 തിയതിയിൽ ആയതിന്റെ ഹാർഡ്കോപ്പി 02.12.2019 തിയതിയിൽ പഞ്ചായത്തിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷയോടൊപ്പം റേഷൻകാർഡ്, സത്യപ്രസ്താവന, തിരിച്ചറിയൽ കാർഡ് എന്നിവ ലഭ്യമല്ലാത്തതിനാൽ അപേക്ഷ അന്വേഷണ ഉദ്യോഗസ്ഥനായ വി.ഇ.ഒ തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. 05.12.2019 ൽ വി.ഇ.ഒ ക്ക് അന്വേഷണത്തിന് കൈമാറിയ ഫയൽ മേൽ അപാകത ചൂണ്ടികാട്ടി 16.01.2020 നാണ് റിട്ടേൺ ചെയ്തിരിക്കുന്നത് . എന്നാൽ മേൽ രേഖകൾ സേവന വെബ്ബ് മുഖേന അപേക്ഷകൻ സമർപ്പിച്ച അപേക്ഷയോടൊപ്പം സോഫ്റ്റ്കോപ്പിയായി ലഭ്യമായിരിക്കെ ഫയലിൽ അന്വേഷണം നടത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. പ്രസ്തുത അപേക്ഷകൻ മരണപ്പെട്ടതായി രേഖപ്പെടുത്തി ഫയൽ തീർപ്പാക്കുകയാണ് ചെയ്തിട്ടുള്ളത്.

സ്റ്റാന്റിംഗ് കമ്മിറ്റി 08.03.2019 തിയ്യതിയിൽ കമല നടുക്കണ്ടി എന്നവരുടെ അപേക്ഷയിൽ കർഷകതൊഴിലാളി പെൻഷൻ അനുവദിച്ച് തീരുമാനമെടുത്തിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത അപേക്ഷ

സേവനയിൽ രേഖപ്പെടുത്തിയത് 28.11.2019 ലാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കാ നുമായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. സ്ഥാപനത്തിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന പെൻഷൻ അപേക്ഷകൾ വാർഡ്, സമർപ്പിച്ച വർഷം എന്നിവയുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് കുടിശ്ശിക തീർപ്പാക്കുന്നതിന് വാർഡ് തലത്തിൽ അദാലത്ത് സംഘടിപ്പിക്കേണ്ടതാണ്.
2. സേവനാവകാശ നിയമപ്രകാരമുള്ള സമയപരിധിക്കകം അപേക്ഷകൾ തീർപ്പാക്കപ്പെടുന്നുണ്ടെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.
3. ഫയലുകളിന്മേൽ അപേക്ഷകനുമായി നടത്തേണ്ട ആശയവിനിമയം സേവന വെബ്ബ് സോഫ്റ്റ്‌വെയർ മുഖേനയോ , ഫോൺ സന്ദേശം (SMS, Whatsapp..Etc) മുഖേനയോ നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

## 1-9 ലൈഫ് ഭവനപദ്ധതി(സ്പിൽ ഓവർ)-മുൻകൂർ തുക കൈപ്പറ്റി ഭവനനിർമ്മാണം ആരംഭിച്ചില്ല

പ്രോജക്ട് നം-187/2019-20

അടങ്കൽ-8306197(സംസ്ഥാനാവിഷ്കൃത ഫണ്ട് 1400000/-, തനത് ഫണ്ട്-210000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം-830000, മറ്റുള്ളവ-5866197)

ചെലവ്-2952600 (സംസ്ഥാനാവിഷ്കൃത ഫണ്ട് 1400000/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം-277600, മറ്റുള്ളവ-1275000)

2018-19 വർഷം ആരംഭിച്ച ലൈഫ് ഭവനപദ്ധതിക്ക് 63 ഗുണഭോക്താക്കളാണുണ്ടായിരുന്നത്. ഗുണഭോക്താക്കളിലുൾപ്പെടുന്ന ശ്രീമതി.ലക്ഷ്മിക്കുട്ടിയമ്മ കഴകപ്പുരയിൽ എന്നയാൾ 2019-20 വർഷം ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെടുകയും 02.07.2019 ന് 40000/- രൂപ NEFT ആയി കൈമാറുകയും ചെയ്തിട്ടുള്ളതാണ്(കെ.ഡി.സി ബേങ്ക് - ആയഞ്ചേരി ശാഖ). എന്നാൽ ഓഡിറ്റ് തിയ്യതി വരെ ഗുണഭോക്താവ് വീട് പണി ആരംഭിച്ചിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം-9/19-20) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭവനനിർമ്മാണം പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 പേവിഷബാധ നിയന്ത്രണ പദ്ധതി - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും വളർത്തു പട്ടികൾക്ക് റാബീസ് പ്രതിരോധ ക്യാമ്പുകൾ നടത്തുന്നതിന് വേണ്ടിയാണ് ഈ പദ്ധതി നടപ്പാക്കിയത്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണം | വെറ്റിനറി സർജൻ |
|---|---|
| പ്രോജക്ട് നം. | 21/20 |
| അടങ്കൽ | 20000/- |
| ഫണ്ട് | തനത് |
| ചെലവ് | 15755/- |
| ചെക്ക് നം, തിയ്യതി. | 1551671/9.3.20 |

സ.ഉ (കൈ) നം.22/2018/തസ്വഭവ.തി.14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ. 10 ൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പേവിഷ നിർമ്മാർജ്ജനത്തിന് പദ്ധതികൾ നടപ്പാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ സൂചിപ്പിച്ച പദ്ധതി നടപ്പാക്കിയത്. ഗ്രാമപഞ്ചായത്തിലെ പൊതുജനങ്ങൾ അവരുടെ പട്ടി, പൂച്ച തുടങ്ങിയ വളർത്തുമൃഗങ്ങളെ ക്യാമ്പുകളിൽ കൊണ്ടുവന്ന് റാബീസ് പ്രതിരോധകുത്തിവെപ്പ് എടുപ്പിക്കുകയാണ് ചെയ്തത്. ഫയൽ പരിശോധിച്ചതിൽ 93 വളർത്തു പട്ടികൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് നൽകിയിട്ടുണ്ട്.

1998 ലെ കേരള പഞ്ചായത്ത് രാജ് (പട്ടികൾക്കും, പന്നികൾക്കും ലൈസൻസ് നൽകൽ) ചട്ടപ്രകാരം ഗ്രാമപഞ്ചായത്തിലെ വളർത്തു പട്ടികൾക്ക് ഉടമസ്ഥർ ലൈസൻസ് എടുക്കേണ്ടതാണ്. ഓരോ സാമ്പത്തികവർഷവും ഈ ലൈസൻസ് പുതുക്കേണ്ടതുമാണ്. ലൈസൻസിനായി അപേക്ഷിക്കുമ്പോൾ പട്ടിക്ക് പേപ്പട്ടി വിഷബാധയ്ക്ക് എതിരെ പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയിട്ടുണ്ടന്ന് ഒരു മൃഗഡോക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റ് കൂടി അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. വളർത്തുപട്ടികളുടെ കാര്യത്തിൽ അവയുടെ ഉടമസ്ഥർ സ്വന്തം ചെലവിൽ നടത്തേണ്ട റാബീസ് പ്രതിരോധ കുത്തിവെയ്പ്പ് ഇവിടെ ഗ്രാമപഞ്ചായത്ത് സൗജന്യമായി നൽകുകയാണ്ടായത്. പട്ടികൾക്ക് ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട 2019-20 വർഷത്തെ രജിസ്റ്റർ പരിശോധിച്ചതിൽ രണ്ട് പട്ടികൾക്ക് മാത്രമാണ് ഈ കാലയളവിൽ ലൈസൻസ് നൽകിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കാത്ത നിരവധി വളർത്തുപട്ടികൾ ഉണ്ടെന്നിരിക്കേ, ഇവയെ കണ്ടെത്തി ലൈസൻസ് എടുപ്പിക്കാനുള്ള ഗ്രാമപഞ്ചായത്തിന്റെ നിയമപരമായ ബാധ്യത നിറവേറ്റുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/19-20/22.10.21) മറുപടി നൽകിയിട്ടില്ല.ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വളർത്തു പട്ടികൾക്കും ലൈസൻസ് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-11 കുടിവെള്ള പദ്ധതി പ്രൊജക്ടുകൾ സമഗ്രമായി തയ്യാറാക്കുന്നില്ല

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ രണ്ട് കുടിവെള്ള പദ്ധതികൾക്ക് കിണർ നിർമ്മിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. തുമ്പോളിമുക്ക് കുടിവെള്ള പദ്ധതി

| | |
|---|---|
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| പ്രോജക്ട് നം. | 244/20 |
| അടങ്കൽ | 700000/- |
| ഫണ്ട് | സി.എഫ്.സി, തനത് |
| ചെലവ് | 629127/- |
| ചെക്ക് നം,തിയ്യതി. | 32/19-20/30.09.19 |

2. പുലക്കുന്ന് കുടിവെള്ള പദ്ധതി

| | |
|---|---|
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| പ്രോജക്ട് നം. | 243/20 |
| അടങ്കൽ | 700000/- |
| ഫണ്ട് | സി.എഫ്.സി, തനത് |
| ചെലവ് | 670977/- |
| ചെക്ക് നം,തിയ്യതി. | 33/19-20/30.09.19 |

സ.ഉ (കൈ) നം.11/2018 തസ്വഭവ. തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 7.1. ബി പ്രകാരം എല്ലാ കുടിവെള്ള പ്രോജക്ടുകൾക്കും പരമാവധി ഗുണഭോക്തൃ വിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥ പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. കുടിവെള്ള പ്രോജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തി ഗുണഭോക്തൃ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. പദ്ധതികളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണ് എന്നും പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഇത്തരം വ്യവസ്ഥകൾ മേൽ സൂചിപ്പിച്ച പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഗുണഭോക്താകളുടെ പങ്കാളിത്തം ഉറപ്പുവരുത്താതെ കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്തത് വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 06/19-20/21.10.21) മറുപടി നൽകിയിട്ടില്ല. കുടിവെള്ള പദ്ധതികളിൽ ഗുണഭോക്താകകളുടെ പങ്കാളിത്തം ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

2919-20 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തിയ സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 146/19-20 | അത്യോട്ടുമ്മൽ താഴ കുഴിച്ചാലിൽ റോഡ് | 250000 | 238414 |

പ്രവൃത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻന്റേഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവർത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mmൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു.

കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവൃത്തികൾ നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി- 10/19-20/25.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ സംബന്ധിച്ച് 2018-19 ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നു (ഖണ്ഡിക 1-20). എന്നാൽ തുടർ വർഷങ്ങളിലും അപാകത ആവർത്തിക്കുന്നതായി കാണുന്നു. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ താഴെ കാണിച്ചവിധം 22 പ്രൈമറി സ്കൂളുകളുണ്ട്.

| | |
|---|---|
| സർക്കാർ എൽ.പി | 1 |
| സർക്കാർ യു.പി | 2 |
| എയ്ഡഡ് യു.പി & എൽ.പി | 22 |

ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ പദ്ധതികളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(1)സ്കോളർഷിപ്പ് നൽകിയതിലെ അപാകതകൾ

പ്രൊജക്ട് - ബിരുദ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(എസ്.സി)

പ്രൊജക്ട് നമ്പർ - 253/2019-20

അടങ്കൽ - 300000

ചെലവ് - 80000(ബിൽ നം.7/19-20 തീ.28.03.2020)

മേൽ പ്രൊജക്ട് പ്രകാരം 4 ബിരുദ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. സ.ഉ(കൈ)നം.22/2018/തസ്വഭവ, തീ.14.02.2018 ഖണ്ഡിക 7.2.5 പ്രകാരം വിവിധ കോഴ്സുകളിലേക്ക് യോഗ്യത നേടി പഠനം നടത്തി വരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധിവരെയുള്ള അക്കാദമിക് വർഷങ്ങളിലാണ് ധനസഹായം നൽകേണ്ടത്. എന്നാൽ 2 വിദ്യാർത്ഥികൾക്ക് കോഴ്സ് കാലാവധി കഴിഞ്ഞാണ് ധനസഹായം നൽകിയത്. ഇത് പ്രോജക്ട് ലക്ഷ്യം നേടുന്നതിന് പര്യാപ്തമല്ല. വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.

| ക്രമനമ്പർ | വിദ്യാർത്ഥിയുടെ പേര് | കോഴ്സ് കാലാവധി, നേടിയ ബിരുദം, സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | മിഥുൻരാജ് എൻ.പി | 2016-19 ബിഎ -ഹിസ്റ്ററി ഗവ.കോളജ് മൊകേരി | സ്ഥാപനമേധാവി സാക്ഷ്യപത്രം നൽകിയത് 10.02.2020 ന് ധനസഹായം നൽകിയത് 28.03.2020ന് |
| 2 | അനുശ്രീരാജ് ടി.കെ | 2016-19 ബിഎ -ഹിസ്റ്ററി | സ്ഥാപന മേധാവി സാക്ഷ്യപത്രം നൽകിയത് 13.11.2019 |

| | | | |
|---|---|---|---|
| | | ഗവ.കോളജ് മടപ്പള്ളി | ന്. ധനസഹായം നൽകിയത് 28.03.2020ന് |

മേൽ പ്രൊജക്ടിന് 300000 രൂപ വകയിരുത്തിയിരുന്നെങ്കിലും 80000 രൂപ മാത്രമാണ് ചെലവഴിച്ചത്. ഗുണഭോക്തൃ ലിസ്റ്റിൽ 8 പേരുണ്ടായിരുന്നെങ്കിലും 4 പേർക്ക് മാത്രമാണ് ആനുകൂല്യം നൽകിയത്. അർഹരായവർ 4 പേർ മാത്രമായിരുന്നു എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ വിശദീകരണം. അനർഹരെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തിയും അടങ്കൽ തുകയ്ക്ക് ആനുപാതികമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതിരിക്കുകയും വഴി പദ്ധതിപണം ചെലവഴിക്കാതെ പാഴാക്കിയിരിക്കുകയാണ്. ആവശ്യമായ ഡാറ്റ ശേഖരിക്കാതെയാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പും സ്റ്റാന്റിംഗ് കമ്മിറ്റിയും ചുമതലകളിൽ വീഴ്ച വരുത്തിയിട്ടുണ്ട്. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്. 80000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

(2)എയ്ഡഡ് സ്കൂളിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകി

പ്രൊജക്ട് - വിദ്യാലയങ്ങൾക്ക് പ്രഭാതഭക്ഷണ പരിപാടി

അടങ്കൽ - 200000(തനത് ഫണ്ട് )

ചെലവ് - 198750(ചെക്ക് നം. 270/04.03.2020)

സ.ഉ(കൈ) നം.11/2018/തസ്വഭവ.തീ.29.01.2018 ഖണ്ഡിക 7.6(7) പ്രകാരം സർക്കാർ സ്കൂളുകളിലെ ഏഴാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. എന്നാൽ മേൽ പ്രൊജക്ട് പ്രകാരം 3 സർക്കാർ സ്കൂളുകളിലെയും 19 എയ്ഡഡ് സ്കൂളുകളിലെയും വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകിയതായി കാണുന്നു. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ, ധനവിനിയോഗ മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ പരിഗണിക്കാതെ പ്രൊജക്ട് തയ്യാറാക്കിയതാണ് അപാകതകൾക്ക് കാരണം. പ്രഭാതഭക്ഷണം ആവശ്യമുള്ള കുട്ടികളുടെ എണ്ണം, എത്ര വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകി എന്നീ വിവരങ്ങൾ ഫയലിലില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. മുൻ റിപ്പോർട്ടിൽ 2018-19) ഇക്കാര്യം പരാമർശിച്ചിരുന്നെങ്കിലും അപാകത പരിഹരിച്ചിട്ടില്ല. 198750 രൂപയുടെ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## <u>1-14 മൈസൂർ വാഴക്കന്ന് വിതരണം(വനിത)- പദ്ധതി രൂപീകരിച്ചതിലെയും നിർവ്വഹണം നടത്തിയതിലെയും അപാകതകൾ</u>

അടങ്കൽ - 270000

ചെലവ് - 270000 (ബിൽ നം.5/2019-20തീ.18.01.2020)

നിർവ്വഹണം - കൃഷി ഓഫീസർ

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി വികസനഫണ്ടിൽ നിന്ന് 270000 രൂപ ചെലവഴിച്ച് മൈസൂർ വാഴക്കന്ന് വിതരണം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി വി.എഫ്.പി.സി.കെ താമരശ്ശേരിയിൽ നിന്ന് കന്നിന് 20 രൂപ നിരക്കിൽ 13500 വാഴക്കന്നുകൾ വാങ്ങി 435 കർഷകർക്ക് വിതരണം ചെയ്തതായി കാണുന്നു. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)സ.ഉ (കൈ)നം.11/2018/തസ്വഭവ.തീ.29.01.2018 തീ.29.01.2018 ഖണ്ഡിക 5.4.1(10)പ്രകാരം വികസനഫണ്ടിന്റെ 10% തുക വനിതാ ഘടക പദ്ധതിക്ക് വകയിരുത്തണം. ഖണ്ഡിക 6.3 പ്രകാരം സ്ത്രീകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങളായിരിക്കണം വനിതാഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. വനിതാ ഘടക പദ്ധതികൾ നടപ്പിലാക്കേണ്ട ചുമതല കൃഷി

ഓഫീസർക്കല്ല. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. സ്ത്രീകളുട ലേബർബാങ്ക്, വിപണന കേന്ദ്രങ്ങൾ, ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സായിട്ടുള്ള വനിതകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ലബോറട്ടറികൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം, സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിന് അനുയോജ്യമായ പ്രൊജക്ടുകൾ, സ്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്കോണ്ട, ജൂഡോ, കരാട്ടെ, യോഗ എന്നിവയിൽ പരിശീലനങ്ങൾ നൽകൽ തുടങ്ങിയവയാണ് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നവ. വാഴക്കന്ന് വിതരണം വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല.

2) 435 ഗുണഭോക്താക്കൾക്ക് വാഴക്കന്ന് വിതരണം ചെയ്തതിൽ 414 ഗുണഭോക്താക്കൾക്ക് 31 വീതവും 21 പേർക്ക് 31 നും 40 നും ഇടയിലുള്ള എണ്ണം വാഴക്കന്നുകളുമാണ് വിതരണം ചെയ്തിരിക്കുന്നത്. സ.ഉ(കൈ)നം.22/2018/തസ്വഭവ, തീ.14.02.2018 ഖണ്ഡിക 6.1 പ്രകാരം വിളവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടത്. സ്ഥലവിസ്തൃതി പരിഗണിക്കാതെ മേൽപ്പറഞ്ഞ വിധം കന്നുകൾ വിതരണം ചെയ്തത് വിളവിസ്തൃതി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഉതകുന്നതല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 11.10.2021 മുതൽ 26.10.2021 വരെ | ഈ റിപ്പോർട്ടിനൊപ്പം പുറപ്പെടുവിച്ചു. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം

| തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 500000 | ക്ഷീര കർഷകർക്ക് ഇൻസെന്റീവ് | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 200000 | ക്ഷീര കർഷകർക്ക് ഇൻസെന്റീവ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 12000 | ഗ്രൂപ്പ് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി | 12000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 50000 | ഗ്രൂപ്പ് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി | 10000 | 0 (40000 തിരിച്ചടച്ചു) |
| ജില്ലാ പഞ്ചായത്ത് | 2019-20 | 300000 | നെൽകൃഷിക്ക് കൂലിചെലവ് | 0 | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 250000 | നെൽകൃഷിക്ക് കൂലിചെലവ് | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000 | ലൈഫ് ഭവന പദ്ധതി | 0 | 300000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 520800 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥി കൾക്കുള്ള സ്കോളർഷിപ്പ് | 520800 | 03 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ് ലോൺ -2 | 162/13/ 26.04.2013 | 10000000 | 1120000 | 1120000 | | 0 |
| ലൈഫ് ഭവനപദ്ധതി വായ്പ | ജി.ഒ (എം.എസ്) 2278/2018/ തസ്വഭവ തി18.06.2018 | 5193731 | 5193731 | 235294 | | 4958437 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 46,78,810 |
| തൻവർഷം നിക്ഷേപിച്ച തുക | 3,94,757 |
| ആകെ | 50,73,567 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 50,73,567 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | മന്തരത്തൂർ കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക് ലിമിറ്റഡ്, തിരുവള്ളൂർ ബ്രാഞ്ച് | 30.03.2006 | 1 വർഷം | 1295081 | |
| 2 | മന്തരത്തൂർ കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക് ലിമിറ്റഡ്, തിരുവള്ളൂർ ബ്രാഞ്ച് | 30.11.2007 | 1 വർഷം | 865204 | |
| 3 | മന്തരത്തൂർ കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക് ലിമിറ്റഡ്, തിരുവള്ളൂർ ബ്രാഞ്ച് | 30.11.2010 | 1 വർഷം | 2277912 | |
| 4 | കെ.ഡി.സി ബേങ്ക്, തിരുവള്ളൂർ | 30.03.2017 | 1 വർഷം | 635370 | |
| | ആകെ | | | 5073567 | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99, 35 | 2003-04, 11.13.1.21 108 | മൺപാത്ര നിർമ്മാണ യൂണിറ്റ് പ്രവർത്തനം ഇതുവരെ ആരംഭിച്ചില്ല | പരാമർശം തുടരുന്നു |
| 2000-01, 2001-02 | 2003-04 11.14 117 | പൊതു വിഭാഗം – പോഷകാഹാര വിതരണം- ഭക്ഷണ സാധനങ്ങൾ വാങ്ങിയതിലെ അപാകതകൾ | പരാമർശം തുടരുന്നു |
| 1998-99 | 2003-04 11.14 118 | മൺ പാത്ര നിർമ്മാണം | പരാമർശം തുടരുന്നു |
| 2002-03 2-1 | 2006-07 3.79.1.1 99 | ഗ്രാമ പഞ്ചായത്തുകൾ – കെട്ടിട നികുതി, തൊഴിൽ നികുതി, തനത് വരുമാനം യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു. | പരാമർശം തുടരുന്നു |
| 2002-03, 3(4) | 2006-07, 3.79.6.11 105 | മണൽ വിൽപ്പന | തുടരുന്നു |
| 2002-03, 3-6 | 2006-07, 3.79.5.9 104 | തനത് ഫണ്ടിൽ നിന്ന് കുടിവെള്ള ജലസേജന പദ്ധതികൾക്ക് വൈദ്യുതി ചാർജ്ജ് നൽകി. | തുടരുന്നു |
| 2002-03, 3-2 | 2006-07, 3.79.10.5 108 | പൈക്കാട്ട് കുന്ന് ജലസേചന പദ്ധതി | തുടരുന്നു |
| 2002-03, 3-14 | 2006-07, 3-79.16.9 | സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | തുടരുന്നു |
| 2014-15, 2-4 | 2016-17, അനുബന്ധം-4.188 | തൊഴിൽ നികുതി അപാകതകൾ | തുടരുന്നു |
| 2015-16, 2-2 | 2016-17 അനുബന്ധം -5.212 | തൊഴിൽ നികുതി അപാകതകൾ | തുടരുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 57386530 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57993340 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,48,750 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13(1) | 80000 | ശ്രീ.ബാലൻ എം , ഹെഡ്മാസ്റ്റർ (Rtd.) |
| 1-13(2) | 1,98,750 | - ടി - |
| 1-14 | 2,70,000 | ശ്രീമതി.അനില.എം.എ കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലം |
|---|---|---|

| | | |
|---|---|---|
| ഉദ്യോഗപ്പേരും | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ബാലൻ എം , ഹെഡ്മാസ്റ്റർ (Rtd.) | - | മലയിൽ എടത്തുംകര തോടന്നൂർ പി ഒ-673541 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | കെ.എസ്എ/കെകെഡി/പി15/ 843/2018 തീയതി.20/04/2018 | 3 | 35, 38, 39 |
| 1999-00 | കെ.എസ്എ/കെകെഡി/പി15/ 843/2018(1) തീയതി.20/04/2018 | 3 | 35, 36, 37 |
| 2000-01 (പദ്ധതി) | കെ.എസ്എ/കെകെഡി/പി15/ 843/2018(2) തീയതി.20/04/2018 | 1 | 7 |
| 2001-02 (പദ്ധതി) | കെ.എസ്എ/കെകെഡി/പി15/ 843/2018(5) തീയതി.20/04/2018 | 9 | 6 മുതൽ 14 വരെ |
| 2002-03 | കെ.എസ്എ/കെകെഡി/പി15/ 843/2018(6) തീയതി.20/04/2018 | 6 | 2-1, 3-2, 3-4, 3-6, 3-9, 3-14 |
| 2006-07 | കെ.എസ്എ/കെകെഡി/പി15/ 843/2018(10) തീയതി.20/04/2018 | 14 | 3-2, 3-3, 3-8, 3-11, 3-13, 3-14, 3- |

| | | | |
|---|---|---|---|
| | | | 15, 3-16, 3-17, 3-19, 3-20, 4-3 |
| 2007-08 | എൽ.എഫ്/കെകെഡി/എസ്1/ 1069/2010 തീയതി.14/07/2011 | 31 | 1-2, 2-1 മുതൽ 2-7 വരെ, 2-9,2-10, 3-1 മുതൽ 3-21 വരെ |
| 2008-09 | കെ.എസ്എ/കെകെഡി/പി15/ 843/2018(11)തീയതി.20/04/2018 | 18 | 2-3,2-4, 2-8,2-9, 3-3 മുതൽ 3-11 വരെ, 3-14(4) മുതൽ 3-17 വരെ, 3-19 |
| 2009-10 & 2010-11 | എൽ.എഫ്/കെകെഡി/പി5/ 1296/2013 തീയതി.11/11/2013 | 16 | 3-2 മുതൽ 3-5 വരെ, 3-7മുതൽ 3-9 വരെ, 3-12,3-13, 3-14, 3-15, 3-18,3-19, 3-22,3-24, 3-25, |
| 2011-12& 2012-13 | എൽ.എഫ്/കെകെഡി/പി5/ 682/2014 തീയതി.31/03/2015 | 19 | 1-2,1-3,2-1, 3-1 മുതൽ 3-14വരെ, 4-5,4-6 |
| 2013-14 & 2014-15 | എൽ.എഫ്/കെകെഡി/പി5/ 1388/2014 തീയതി.30/07/2016 | 21 | 2-1 മുതൽ 2-6 വരെ, 3-1 മുതൽ 3-15 വരെ |
| 2015-16 | കെ.എസ്.എ/കെ.കെ.ഡി/പി5/ 1952/2016/തി.06/06/2017 | 12 | 2-1 മുതൽ 2-5 വരെ, 3-1 മുതൽ 3-7 വരെ |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി/ പി5/ 1797/2017/തി.28/02/2018 | 19 | 2-1, 2-2 (1,2, 3), 2-3 മുതൽ 2-7വരെ, 3-1 മുതൽ 3-10 വരെ |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി/ പി5/1453/ 2019/ തീയതി 12/12/2019 | 21 | 1-12, 2-1, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6(1-3), 3-7(1), 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14 |
| 2018-19 | കെ.എസ്.എ/കെ.കെ.ഡി/ പി5/239/ 2020/ | 27 | 1-6 മുതൽ 1-32 വരെ |

| | | | |
|---|---|---|---|
| | തീയതി 03/03/2020 | | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം,

കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്